പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 621 — 24-05-2017 ൽ മറുപടിയ്ക്ക്.

## സമാശ്വാസ തൊഴിൽദാന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം<br>ഡോ.എം. കെ. മുനീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ സി.മമ്മൂട്ടി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
| (എ) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനങ്ങൾ യഥാസമയം നടക്കാത്തതുമൂലം കുടുംബനാഥൻ/കുടുംബനാഥ നഷ്ടപ്പെട്ട കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;<br><br>(ബി)എങ്കിൽ ഈ സ്ഥിതിവിശേഷമുണ്ടാ കാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(സി) ഇത് പരിഹരിക്കാൻ ഗൗരവപൂർവ്വമായ നടപടികൾ സ്വീകരിക്കുമോ? | (എ.) യും (ബി.) യും (സി.) യും : 24/5/1999 ലെ സ.ഉ (പി) നം:12/1999/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരമാണ് നിലവിൽ ആശ്രിത നിയമനം നടത്തി വരുന്നത്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജോലിയിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ ആശ്രിതനെ ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ നിലവിലുള്ളതോ ഉടനെ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല. മാതൃവകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമിക്കാൻ നിലവിൽ ഒഴിവില്ലാത്ത സാഹചര്യവും, ഉദ്യോഗാർത്ഥികൾ ആവശ്യപ്പെടുന്ന ചില തസ്തികകൾ മാതൃവകുപ്പിൽ ഇല്ലാത്തതും ആണ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുവാൻ പ്രധാനമായും കാലതാമസത്തിനിടയാക്കുന്നത്. വിവിധ വകുപ്പുകളിൽ നിന്ന് 30/09/2015 വരെ പൊതുഭരണ (സി. ഇ സെൽ ) വകുപ്പിൽ ലഭിച്ച 1215 അപേക്ഷർക്ക് സൂപ്പർ ന്യൂമറി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇപ്രകാരം നിയമിച്ചവരെ റഗുലറൈസ് ചെയ്യുന്നതും ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമറി തസ്തികകൾ സൃഷ്ടിക്കുന്നതും സ്റ്റേ ചെയ്തുകൊണ്ട് ബഹു. കേരള ഹൈക്കോടതി WP(C)33621/15 & 5960/16 നം |

| | |
|---|---|
| | കേസ്സുകളിൽ 25/02/2016 ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇടക്കാല ഉത്തരവ് മാറ്റിക്കിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.